**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 154** **05-02-2026 - ൽ മറുപടിയ്ക്ക്**

**കണക്ട് ടു വർക്ക് സ്കോളർഷിപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. പി.പി. സുമോദ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക് സ്കോളർഷിപ്പ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | തൊഴിൽ നേടുന്നതിനായി നൈപുണ്യ പരിശീലനത്തിൽ പങ്കെടുക്കുന്നവർക്കും, മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്കും പ്രതിമാസം 1000/- രൂപ വീതം ഒരു വർഷത്തേക്ക് സാമ്പത്തിക സഹായം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. |
| (ബി) | പ്രസ്തുത പദ്ധതി ആരംഭിച്ചതെന്നാണെന്നും ആരംഭഘട്ടത്തിൽ അപേക്ഷകരുടെ വരുമാനം എത്ര തുക വരെ ആയിരുന്നുവെന്നും വ്യക്തമാക്കാമോ; | (ബി) | 10/11/2025 ന് ആരഭിച്ച പദ്ധതിയുടെ ആരംഭ ഘട്ടത്തിൽ അപേക്ഷകരുടെ വരുമാന പരിധി ഒരു ലക്ഷം രൂപ ആയിരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ പ്രകാരം എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്നും അറിയിക്കാമോ; | (സി) | • അപേക്ഷകരുടെ വരുമാന പരിധി 1,00,000/- രൂപയിൽ നിന്നും 5,00,000/- രൂപയായി ഉയർത്തി.<br>• അപേക്ഷകരുടെ പ്രായം നിശ്ചയിക്കുന്നത് അപേക്ഷ തീയതി അടിസ്ഥാനത്തിലാക്കി.<br>• അപേക്ഷകർക്ക് സ്വന്തമായി ആധാർ-ലിങ്ക് ചെയ്ത ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണമെന്ന നിബന്ധന ഒഴിവാക്കി.<br>• ബി.പി.എൽ റേഷൻ കാർഡിന്റെ പകർപ്പ് എന്നത് ഒഴിവാക്കി.<br>• അനർഹമായി ആനുകൂല്യം കൈപ്പറ്റുന്നവരിൽ നിന്നും കൈപ്പറ്റിയ തുകയുടെ 18% പലിശ സഹിതം തിരികെ ഈടാക്കുന്നതാണ്. |
| (ഡി) | ഏതെല്ലാം സ്ഥാപനങ്ങളുടെ മത്സരപരീക്ഷയ്ക്ക് തയ്യാറാകുന്നവർക്കാണ് പ്രസ്തുത പദ്ധതിയിൽ അപേക്ഷിക്കാൻ കഴിയുന്നത്; | (ഡി) | യു.പി.എസ്.സി, സംസ്ഥാന പി.എസ്.സി, സർവ്വീസ് സെലക്ഷൻ ബോർഡ്, കര- നാവിക - വ്യോമ സേന, ബാങ്ക്, റയിൽവെ, മറ്റ് കേന്ദ്ര, സംസ്ഥാന പൊതുമേഖലാ റിക്രൂട്ട്മെന്റ് ഏജൻസികൾ എന്നിവ നടത്തുന്ന മത്സര പരീക്ഷകൾക്ക് തയ്യാറാകുന്നവർക്ക് അപേക്ഷിക്കാം |

| | | | |
|---|---|---|---|
| (ഇ) | നൈപുണ്യ വികസനത്തിലൂടെ തൊഴിൽ സാധ്യത മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം കൈവരിക്കാൻ പ്രസ്തുത പദ്ധതി ഗുണകരമാകുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി കൂടുതൽ വിപുലമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | നൈപുണ്യ വികസനത്തിലൂടെ തൊഴിൽ സാധ്യത മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം കൈവരിക്കാൻ പദ്ധതി ഗുണകരമാകുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതിയുടെ വിപുലീകരണം ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ